പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1852

08.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം

ചോദ്യം

ശ്രീ. രാജു എബ്രഹാം

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ സഞ്ചിത നഷ്ടം എത്ര കോടി രൂപയാണ്;ഇപ്പോൾ കെ.എസ്.ആർ.ടി.സി. പ്രതിദിന നഷ്ടത്തിലാണോ ഓടുന്നത്;ആണെങ്കിൽ പ്രതിദിന നഷ്ടം എത്ര രൂപയാണ്; | (എ) | 2017 മാർച്ച് 31 വരെയുള്ള സഞ്ചിത നഷ്ടം 8031.56 കോടി രൂപയാണ്. ഇപ്പോൾ പ്രതിദിന നഷ്ടത്തിലാണ് ഓടുന്നത്. പ്രതിദിന നഷ്ടം (പെൻഷൻ ബാദ്ധ്യത കൂടാതെ) 3.54 കോടി രൂപയാണ്. |
| (ബി) | ഏതൊക്കെ കാരണങ്ങളാലാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് നഷ്ടം സംഭവിക്കുന്നത്;പ്രതിദിന നഷ്ടം കുറയ്ക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സിയ്ക്ക് നഷ്ടം സംഭവിക്കുന്നതിനുള്ള വിവിധ കാരണങ്ങൾ വിശകലനം ചെയ്ത് സ്ഥാപനത്തെ ലാഭകരമാക്കുന്നതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000/- രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് 1961 ലെ മോട്ടോർ ഗതാഗത തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ഓടുന്ന സമയത്തിന് ആനുപാതിക |

| | | | |
|---|---|---|---|
| | | | മായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതു മൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ചും ബൈപാസ് റോഡുകൾ ഉപയോഗപ്പെടുത്തിയും കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ എന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.<br><br>അടിയ്ക്കടി വർദ്ധിച്ച് വരുന്ന ഇന്ധന വില, സ്പെയർ പാർട്ടുകളുടെ വില എന്നിവ നഷ്ടം സംഭവിക്കുന്നതിനു കാരണമാകുന്നുണ്ട്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)-ന്റെയും മേൽ നോട്ടത്തിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിന്റെ ചുമതലയ്ക്കു മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ വിഭാഗം ജീവനക്കാരെയും യോജിപ്പിച്ചുകൊണ്ടു ഗ്യാരേജ് മീറ്റുകളും ബോധവൽകരണ ക്ലാസുകളും ട്രെയിനിങ്ങും നടന്നു വരുന്നു. സ്പെയർ പാർട്ടുകളുടെ ഉപഭോഗം നിയന്ത്രിക്ക |

| | | | |
|---|---|---|---|
| | | | ന്നതിനും ഗുണമേന്മയുള്ളവ വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്ന തിന് മുന്നോടിയായി എല്ലാ ജീവനക്കാരുടെ യും പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്ന തിനുള്ള ശ്രമങ്ങൾ കൈകൊണ്ടിട്ടുണ്ട്. |
| (സി) | ഷെഡ്യൂളുകൾ പുന:ക്രമീകരിക്കുന്നു വഴി നഷ്ടത്തിന്റെ തോത് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | വരുമാനക്കുറവുള്ള സർവ്വീസുകളുടെ സമയം, റൂട്ട്, ഡ്യൂട്ടി പാറ്റേൺ എന്നിവ മെച്ചപ്പെട്ട വരുമാനം ലഭിക്കുന്ന തരത്തിൽ പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ നടന്ന് വരികയാണ്. ഇത് പ്രകാരം 2018 ഏപ്രിൽ - മെയ് മാസങ്ങളിലെ ശരാശരി മാസ വരുമാനം വർദ്ധിച്ചിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | ഉണ്ട്. ആയതിന്റെ ഭാഗമായി നിലവിൽ എടുത്തിട്ടുണ്ടായിരുന്ന കൂടിയ പലിശ നിരക്കിലും കുറഞ്ഞ കാലദൈർഘ്യവുമുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും ദൈർഘ്യം കൂടിയ തിരിച്ചടവ് കാലാവധിയിലും ഉള്ള വായ്പകളാക്കി മാറ്റുവാൻ തീരുമാനിച്ചതിൻ പ്രകാരം 3100 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയും അതുകൊണ്ട് നിലവിലുണ്ടായിരുന്ന കടങ്ങൾ തീർക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവ് ഇനത്തിൽ പ്രതിദിനം 2 കോടിയോളം രൂപയുടെ കുറവ് വന്നിട്ടുണ്ട്. ആയതിനാൽ പ്രതിമാസ ശമ്പളം കൃത്യമായി നൽകാൻ കഴിഞ്ഞു വരുന്നു. ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചു വരുന്നു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവ്വീസ് ഓപ്പറേഷൻ മേഖലയിൽ നടത്തി വരുന്നു. പെൻഷൻ കുടിശിക നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് പെൻഷൻ വിതരണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, കെ.എസ്.ആർ.ടി.സിയ്ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചു വരുന്ന |

| | | | |
|---|---|---|---|
| | | | സ്റ്റാളുകൾ, എൽ.ആർ. സ്റ്റാൾ, ക്യാന്റീൻ ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തികരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർ ലേലം നടത്തുകയും ആയതിലൂടെ പ്രതിമാസ ലൈസൻസ് ഫീയിൽ പതിൻമടങ്ങ് വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ എല്ലാ ബസ് സ്റ്റേഷനുകളിലും മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനും കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാന ത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. ആയതിനൊപ്പം വാണിജ്യ സമുച്ചയങ്ങളിൽ മൾട്ടിപ്ലക്സ് സിനിമാശാലകൾ സ്ഥാപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.<br>നിലവിൽ പ്രതിമാസ വാടകയിനത്തിൽ 12,27,622/- രൂപയുടെ വർദ്ധനവ് വന്നിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട റോഡുകൾക്ക് സമീപമുള്ള കെ.എസ്.ആർ.ടി.സി.യുടെ സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് അതിൽ നിന്നുള്ള വരുമാനം കൂടി കെ എസ്.ആർ.ടി. സി.യ്ക്ക് മുതൽ കൂട്ടാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | ഉണ്ട്.<br>നിലവിൽ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, ഹരിപ്പാട്, മലപ്പുറം, നിലമ്പൂർ എന്നീ ബസ് സ്റ്റേഷനുകളിൽ വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. |

Sd/-

**സെക്ഷൻ ഓഫീസർ**